വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023
ഏപ്രിൽ 30

ഉയിർപ്പ് നാലാം ഞായർ

'ഹൈഡ് ആൻഡ് സീക്ക്'
ലോക ദൈവവിളി പ്രാർത്ഥനാ ദിനം

ഏശ 49:13-23, അപ്പ 8:14-25, എഫേ 2:1-7, യോഹ 16:16-24

'ഹൈഡ് ആൻഡ് സീക്ക്' ഒരു കളിയാണ്. ഒളിച്ചേ കണ്ടേ എന്നൊക്കെപ്പറഞ്ഞു നമ്മളും പണ്ടൊക്കെ കളിച്ചൊരു കളി. ഒരാൾ കണ്ണും പൂട്ടി എണ്ണുന്നു, മറ്റുള്ളവർ ഒളിക്കുന്നു. കുറച്ചുനേരത്തിനു ശേഷം ഓരോരുത്തരായി കണ്ടു പിടിക്കപ്പെടുകയോ പ്രത്യക്ഷപ്പെടുകയോ ചെയ്യുന്നു, ഇതാണ് കളി. എല്ലാവരും എവിടെയൊക്കെയോ ഒളിച്ചതിന് ശേഷം കണ്ണടച്ചെണ്ണുന്നവൻ അത് നിർത്തിക്കഴിയുമ്പോഴുള്ളൊരു നിശബ്ദതയുണ്ട് ഈ കളിയിൽ. ആരൊക്കെ എവിടെയൊക്കെയാണെന്ന് ഒരെത്തും പിടിയുമില്ലാത്തൊരവസ്ഥ. വല്ലാത്തൊരു വിങ്ങലിന്റെ, ഉത്കണ്ഠയുടെ ഒരു ദുരവസ്ഥ. എണ്ണുന്നയാൾ തീർത്തും ഒറ്റപ്പെട്ടുപോകുന്നു. ഇത് കളിയുടെ വശം. ഇനി കാര്യം.

ജീവിതത്തിലും ഇതുപോലെ ഒറ്റപ്പെട്ടു നട്ടം തിരിഞ്ഞു നിൽക്കുന്ന ഒരവസ്ഥയുണ്ട്. 'ഇനിയങ്ങോട്ട് എന്ത്' എന്ന് തീരുമാനിക്കേണ്ട സമയം. പത്താം ക്ലാസ്സും പ്ലസ് ടുവും കഴിയുമ്പോൾ ഒരുപാട് കുഞ്ഞുങ്ങൾ കടന്നുപോകുന്ന അവസ്ഥയാണിത്. കുറെയൊക്കെ ഗുണിച്ചും ഹരിച്ചും മിക്കവാറും പേരൊക്കെ രക്ഷപെടും. ചിലപ്പോഴൊക്കെ ചില കണക്കുകൂട്ടലുകൾ തെറ്റിപ്പോകും. ചില നഷ്ടങ്ങൾക്കൊടുവിൽ, ചില മരണങ്ങൾക്ക് മുന്നിൽ, ചില തോൽവികളിൽ, അങ്ങനെ അങ്ങനെ... അവിടെയൊക്കെ സ്വയം തീരുമാനമെടുക്കേണ്ട ഒരവസ്ഥയിലൂടെ കടന്നുപോയവർക്കറിയാം അതിന്റെ നോവ്. ഒരുപക്ഷെ നാം ആശ്രയിയ്ക്കുന്നവരൊക്കെ കൈമലർത്തും, കാരണം അവിടെ തീരുമാനമെടുക്കേണ്ടയാൾ നീ മാത്രമാണ്.

സനു തെറ്റയിൽ

നിന്നെ നിനക്കറിയാവുന്നിടത്തോളം മാറ്റാർക്കറിയാം! എല്ലാ ആവലാതികളും മാറ്റിവച്ച് ധ്യാനിയ്ക്കുമ്പോൾ 'ഇനി മുന്നോട്ട് എന്ത്?' എന്നതിനൊരുത്തരം കിട്ടും, തീർച്ച.

ദൈവം വിളിക്കുമോ?

സാധാരണ, കുട്ടികളോടാണല്ലോ ദൈവവിളിയെക്കുറിച്ച് കൂടുതലായി അച്ചന്മാരും സിസ്റ്റേഴ്സും പറയാറുള്ളത്. ദൈവവിളി എന്ന് കേൾക്കുമ്പോൾ കുട്ടികൾ കുസൃതിയോടെ അടക്കം പറയുന്ന കേട്ടിട്ടുണ്ട്, ദൈവമാണ് വിളിയ്ക്കുന്നത് എന്ന് എങ്ങനെ അറിയാം? ദൈവത്തിന്റെ ഫോൺ നമ്പർ എങ്ങിനെ മനസ്സിലാകും? എന്താണ് യഥാർത്ഥത്തിൽ ദൈവവിളി? ഞാൻ പറയും അതൊരു ധ്യാനത്തിന്റെ ആകെത്തുകയാണ്. സ്വസ്ഥമായി ദൈവസന്നിധിയിൽ ഇരുന്ന് ചിന്തിച്ച് തീരുമാനമെടുക്കുന്ന ഒരു സമസ്യ. ഇരിപ്പ് എവിടെയുമാകാം, ഞാനും എന്റെ ഉടയോനും കൂടി ചില തീരുമാനങ്ങൾ എടുക്കാൻ പറ്റിയൊരു സ്ഥലം, അത്രേയുള്ളൂ. ഭൂതഭാവിവർത്തമാന അവസ്ഥകൾ അവന്റെ മുന്നിൽ തുറന്നുവച്ച് ഒരു ചർച്ചയ്ക്കൊടുവിൽ അവനും ഞാനും കൂടി എടുക്കുന്ന ഒരു തീരുമാനം. അതിൽ വിശ്വസ്ഥതയുണ്ട്, വിട്ടുകൊടുക്കലുണ്ട്, വേണ്ടെന്ന് വയ്ക്കലുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ലാഭവും നഷ്ടവുമുണ്ട്. പരസ്പര ധാരണയിൽ ഇനി ഞാൻ ആര് എന്ന് ഞാൻ തന്നെ സമൂഹത്തോട് വിളിച്ചുപറയുന്ന ചങ്കൂറ്റത്തിന്റെ പേരാണ് എന്റെ ദൈവവിളി.

ദൈവം വിളിയ്ക്കും

ദൈവവിളിയ്ക്കുവേണ്ടി ഇന്ന് നാം പ്രാർത്ഥിയ്ക്കുമ്പോൾ ആദ്യം സഭ പഠിപ്പിയ്ക്കുന്ന

വിവിധതരം വിളികളെപ്പറ്റി പഠിക്കാം.

4 തരം വിളികൾ :

1) കുടുംബ ജീവിതം

2) പൗരോഹിത്യം

3) സന്യാസം

4) ഏകസ്ഥ ജീവിതം

നമ്മുടെ ആരുടെയും യോഗ്യതയല്ല വിളിയ്ക്ക് അടിസ്ഥാനം. മറിച്ച് ദൈവകൃപയാണ്.

യോഹ :15/16 നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്. തിരഞ്ഞെടുത്തത് ദൈവമാണ്, ഞാനല്ല...

ഏത് വിളിയാണ് ഏറ്റവും ശ്രേഷ്ഠം? അങ്ങനൊന്നില്ല. അത്ര തന്നെ. ഒരു വിളിയും മറ്റൊന്നിനു മുകളിലല്ല എന്ന തിരിച്ചറിവാണ് മുഖ്യം.

നമ്മൾ പ്രാർത്ഥിയ്ക്കാറുണ്ട്, ദൈവമേ അച്ചനാവാൻ കുറെ കുഞ്ഞുങ്ങൾ പോണേ... കന്യാസ്ത്രീ ആവാൻ കുറെ പെൺകുട്ടികളെ കൊടുക്കണേ... പ്രാർത്ഥിയ്ക്കുന്നതൊക്കെ കൊള്ളാം. ആര് കൊടുക്കും? ആര് പോകും?

വല്ലവന്റേം വീട്ടിൽ നിന്നും പോകുമായിരിക്കും എന്നാണ് പ്രാർത്ഥിയ്ക്കുന്ന മിക്കവരുടെയും വിചാരം. സ്വന്തം കുഞ്ഞു പോയാലോ? ഒന്നല്ലേ ഉള്ളൂ, രണ്ടല്ലേ ഉള്ളൂ... അപ്പോ പിന്നെങ്ങനെയാ? സ്വന്തം മക്കളാണെങ്കിൽ പോലും തടയരുത് എന്നതാണ് ആദ്യ പാഠം. കാരണം ഇത് അവർ തിരഞ്ഞെടുത്തതല്ലല്ലോ... ദൈവം തോന്നിപ്പിയ്ക്കുന്നതാണെന്ന്. പത്താം ക്ലാസ്സ് അല്ലെങ്കിൽ പ്ലസ് ടു, ഇതാണ് സാധാരണ ദൈവം ശിഷ്യരെ വിളിക്കുന്ന സമയമെന്നാണ് പലരുടെയും ധാരണ. കുറച്ചുകൂടെ പ്രായമായി വരുന്നവരെ 'ലേറ്റ് വൊക്കേഷൻ' എന്നൊരു മനോഹര പദം കൊണ്ടാണ് നമ്മൾ അഭിസംബോധന ചെയ്യാറ്. സത്യത്തിൽ അങ്ങനൊരു സമയമുണ്ടോ? അതിന് ശേഷം വന്നവർ 'ലേറ്റ്' ആയി എന്ന് തീരുമാനിക്കുന്നവർ എന്തറിഞ്ഞിട്ടാണ് അത് പറയുന്നത്?

അല്പസമയം

യോഹ:16/19 ഇന്നത്തെ സുവിശേഷം സമയത്തേക്കുറിച്ച് സൂചിപ്പിയ്ക്കുന്ന ഭാഗം.'അല്പ സമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല, വീണ്ടും അല്പ സമയം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും'

എന്താണീ അല്പ സമയം? ദൈവാനുഭവവുമായി

ചേർത്ത് വായിക്കുമ്പോൾ അത് മനസ്സിലാക്കാൻ വലിയ പ്രയാസമൊന്നുമില്ല. ഒരുപക്ഷെ അതൊരു വാർഷിക ധ്യാനമോ വചന പ്രഘോഷണമോ, നല്ലൊരു കുമ്പസാരമോ ഒക്കെയാവാം 'ക്രിസ്തു അനുഭവം' നമുക്ക് തരുന്ന ഈ അല്പ സമയം കൊണ്ട് ഉദ്ദേശിയ്ക്കുന്നത്. ശരിയാണ്, അങ്ങനെ ഒരു പ്രാർത്ഥനാന്തരീക്ഷത്തിൽ അവനെ അനുഭവിക്കാത്തവർ ആരുണ്ട്? പക്ഷെ അത് തുടർന്നുകൊണ്ട് പോകാനുള്ള കഷ്ടപ്പാട്, അത് വലിയ ബുദ്ധിമുട്ടുള്ള കാര്യം തന്നെയാണ്. ധ്യാനവും പ്രാർത്ഥനയുമൊക്കെ കഴിയുമ്പോൾ പിന്നീടുള്ള ഇടവേളകളിൽ എങ്ങോട്ടെന്നില്ലാതെ, എന്ത് ചെയ്യണമെന്നറിയാതെ അലയുന്നൊരു സമയമുണ്ടല്ലോ. എന്തും ചെയ്തുപോകുന്ന വിരസമായ, ഒറ്റപ്പെട്ട, ലക്ഷ്യബോധമില്ലാത്ത ഒരു ഘട്ടം. ഇത് എല്ലാവർക്കുമുണ്ട്, എല്ലായിടത്തുമുണ്ട്. പ്രകൃതി നിയമമാണത്. നോമ്പ് കാലവും വിശുദ്ധവാരമൊക്കെ കഴിഞ്ഞ് പതിയെപ്പതിയെ എല്ലാം യാന്ത്രീകമാകുന്നതും പാപബോധത്തിൽ നിന്നുപോലും അകലുന്നതും. ഇനി ആ ചൂടിൽ വരണമെങ്കിൽ വീണ്ടുമൊരു നോമ്പുകാലം വരണം. മനുഷ്യനല്ലേ... അങ്ങനെയേ വരൂ.(വിശേഷാൽ ചിലർക്ക് ദൈവകൃപയാൽ നിലനിൽപ്പിന്റെ വരം ഉള്ളത് മറക്കുന്നില്ല).

ഇതൊരു പ്രപഞ്ച സത്യമാണ്. ഒരാളുടെ ജീവിതത്തിന്റെ, ഒരു

സമൂഹത്തിന്റെ വളർച്ചയുടെ പ്രകൃതിയുടെയൊക്കെ ഒരു ചാക്രിക സഞ്ചാരം ഇവിടെ കാണാം. ആരും എന്നും ഒരുപോലെയായിരുന്നില്ല. ആർക്കുമുണ്ട് വീഴ്ചയും ഉയർച്ചയുമൊക്കെ.

അറബി നാട്ടിലെ ഏതോ ഒരു 'പ്രഭു' പറഞ്ഞതായി കേട്ടിട്ടുണ്ട്, 'എന്റെ പിതാവ് ഒട്ടകപ്പുറത്താണ് സഞ്ചരിച്ചത്, ഞാനിന്ന് ബെൻസ് കാറിൽ സഞ്ചരിയ്ക്കുന്നു, എന്റെ മകൻ വീണ്ടും ഒട്ടകപ്പുറത്തു സഞ്ചരിച്ചേക്കാം.' ജീവിതം അങ്ങനെയാണ്. ഉയർച്ചതാഴ്ചകൾ അനിവാര്യമാണ്. ആദിമാതാപിതാക്കൾ മുതലിങ്ങോട്ട് ഇന്നും സംഭവിച്ചുകൊണ്ടിരിയ്ക്കുന്നതിതു തന്നെയാണ്. ഒളിക്കുന്നു, പിടിയ്ക്കപ്പെടുന്നു, അനുതപിയ്ക്കുന്നു, നേർവഴിയ്ക്കാകുന്നു. വർഷങ്ങൾക്കിപ്പുറം നിന്ന് ചരിത്രം പരിശോധിയ്ക്കുമ്പോഴും അത് തന്നെ. ഇതൊരു വ്യക്തിയുടെയോ കുടുംബത്തിന്റെയൊ മാത്രം കാര്യമാണെന്ന് ധരിച്ചാൽ നമുക്ക് തെറ്റി. ഏത് സമൂഹത്തിനാണ് ഇങ്ങനെയൊക്കെ സംഭവിയ്ക്കാത്തത്. 'ന്റുപ്പാപ്പയ്ക്ക്...' ഏത് ഉപ്പാപ്പയ്ക്കാ ആനയില്ലാത്തത്!

അവൻ വരും

എന്നും ഉണ്ടായിട്ടുണ്ട് സുഖം തേടിയലയുന്ന ഒരു സമൂഹം. ദൈവമെവിടെ? ആർക്കുമറിയില്ല. സമൂഹത്തിന്റെ പോക്ക് എങ്ങോട്ട്? സഭയുടെ പോക്ക് എങ്ങോട്ട്, സത്യമെവിടെ?...അറിയില്ല! അവിടെ ഒരാൾ പിറക്കും, മരുഭൂമിയിലെ ശബ്ദം പോലെ, അസ്സിസിയിലെ ഫ്രാൻസിസിനെപ്പോലെ, പാദുവായിലെ അന്തോനീസിനെപ്പോലെ,... പാളം തെറ്റിയ ജീവിതത്തെ നേർവഴിക്കു കൊണ്ടുവരാൻ.

'അല്പ സമയം കഴിഞ്ഞാൽ നിങ്ങളെന്നെ കാണും'. ഇത്

സത്യമാണ്. 'ആകാശമേ, ആനന്ദഗാനമാലപിക്കുക; ഭൂമിയേ, ആർത്തുവിളിക്കുക; മലകളേ, ആർത്തു പാടുക; കർത്താവ് തന്റെ ജനത്തെ ആശ്വസിപ്പിച്ചിരിക്കുന്നു. ദുരിതമനുഭവിക്കുന്ന തന്റെ ജനത്തോട് അവിടുന്ന് കരുണ കാണിക്കും.' ഏശയ്യാ 49 : 13

മാറ്റം വരണം, ഉയർച്ച വരണം എന്നാഗ്രഹിയ്ക്കാത്തതാരുണ്ട്? അതങ്ങ് തനിയെ ഉണ്ടാവുന്നതല്ല. ചരിത്രം പറയുന്നത് അതിനാരെങ്കിലുമൊക്കെ

തുനിഞ്ഞിറങ്ങിയിട്ടുണ്ട് എന്ന് തന്നെയാണ്.

തുനിഞ്ഞിറങ്ങണം. ഒരാൾ വരും, വരാതെ എവിടെപ്പോകാൻ...അതിന് വിളിയ്ക്കപ്പെട്ടത് ഒരുപക്ഷെ ഞാൻ ആയിരിക്കാം

ഇരുന്ന് കൊടുക്കുക, ചെവിയോർക്കുക, ധ്യാനിയ്ക്കുക, എന്റെ ജീവിതത്തിന്റെ അർത്ഥമെന്ത്? അന്ധത ബാധിച്ച നേതാക്കളും തൽഫലമായി അന്ധമാക്കപ്പെട്ട സമൂഹവും ചരിത്രത്തിൽ ആവർത്തിക്കപ്പെടുന്ന പ്രതിഭാസമാണ്. പക്ഷെ കാലം അവർക്ക് എന്നും ഒരു രക്ഷകനെ കൊടുത്തിട്ടുമുണ്ട്.

ദൈവവിളിയ്ക്കായി പ്രാർത്ഥിയ്ക്കുന്നതിനൊപ്പം നാം ചിന്തിയ്ക്കേണ്ട വളരെ പ്രധാനപ്പെട്ടൊരു കാര്യമുണ്ട്, 'എന്റെ വിളിയെന്ത്? 'എന്റെ വിളിയ്ക്കനുസരിച്ചാണോ ഞാൻ ജീവിക്കുന്നത്?' ഒരിക്കൽപോലും വിചാരിയ്ക്കാത്ത ഒരിടത്തായിരിയ്ക്കാം ഇന്ന് ഞാനും നിങ്ങളും ജോലി ചെയ്യുന്നത്! 'പഠിയ്ക്കുന്ന കാലത്ത് പല വട്ടം ഈ സ്ഥാപനത്തിന്റെ മുന്നിലൂടെ പോയിട്ടുണ്ട്. ഇവിടെ എന്താണ് നടക്കുന്നത് എന്ന് പോലും അന്നൊന്നും ചിന്തിച്ചിട്ടില്ല. ഇന്നിപ്പോ ദാ, പത്തുമുപ്പത് വർഷമായി ഞാൻ അതേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു.' എന്ന് പറഞ്ഞ അപ്പന്റെ സുഹൃത്തിനെ എനിയ്ക്കറിയാം. കാലം

മനുഷ്യനെക്കൊണ്ട് അങ്ങനെ കുറെ കുസൃതികൾ ഒപ്പിക്കും. ജീവിതം അങ്ങനെയൊക്കെയാണ്. അത് നമ്മെ എവിടെയൊക്കെ കൊണ്ടെത്തിയ്ക്കുന്നു എന്ന് ആർക്കറിയാം. ഒരുപക്ഷെ അവിടെ ദൈവവേല ചെയ്യാൻ നിയോഗിയ്ക്കപ്പെട്ടവരായിരിയ്ക്കാം നാം. ചിന്തിയ്ക്കേണ്ട കാര്യം, ഞാൻ ചെയ്യേണ്ട കാര്യം ഞാൻ ചെയ്യുന്നുണ്ടോ എന്നുള്ളതാണ്. നാം ചെയ്യേണ്ട കാര്യം നാം തന്നെ ചെയ്യേണ്ടിവരും. ഇന്നല്ലെങ്കിൽ നാളെ. അതും ഒരർത്ഥത്തിൽ ഒരു ഹൈഡ് ആൻഡ് സീക്ക് ആണെന്നെ. ഒരു വ്യത്യാസമുണ്ടെന്ന് മാത്രം. അവിടെ എണ്ണുന്നവൻ അവനാണ്. നാം എവിടെ ഒളിച്ചാലും അവന് കാണാൻ സാധിയ്ക്കും. കണ്ടുപിടിയ്ക്കുകതന്നെ ചെയ്യും. യോനാ പ്രവാചകനെ അറിയാലോല്ലേ...

ശുഭം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com